ഭരണഭാഷ മാതൃഭാഷ

എച്ച്2/295299/2021/ഡി.ജി.ഇ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം തീയതി: 25.04.2023

# സർക്കുലർ

വിഷയം: പൊതുവിദ്യാഭ്യാസം – എയ്ഡഡ് – നിയമനാംഗീകാരം – ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട 31.03.2023-ലെ സർക്കുലറിൽ ഭേദഗതി വരുത്തുന്നത് – സംബന്ധിച്ച്.

പരാമർശം: 1 സ.ഉ.(കൈ) 29/2023/പൊ.വി.വ. തിയ്യതി 24.03.2023.

2 പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 31.03.2023-ലെ ഇതേ നമ്പർ സർക്കുലർ

3 വിവിധ സംഘടനകൾ, വ്യക്തികൾ എന്നിവർ സമർപ്പിച്ച നിവേദനങ്ങൾ.

4 വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗത്തിന്റെ 17.04.2023-ലെ ഇ5/9050/2022 നമ്പർ കത്ത്.

സംസ്ഥാനത്തെ എയ്ഡഡ് പ്രൈമറി, സെക്കന്ററി, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലെ നിയമനങ്ങളിൽ 1995-ലെ പി.ഡബ്ല്യൂ.ഡി. ആക്ട് പ്രകാരം, ഭിന്നശേഷിക്കാർക്കായി 07.02.1996 മുതൽ 18.04.2017 വരെ 3% സംവരണവും 2016-ലെ ആർ.പി.ഡബ്ല്യൂ ആക്ട് പ്രകാരം 19.04.2017 മുതൽ 4% സംവരണവും പാലിച്ച് സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ മാനേജർമാർ നടത്തിയ നിയമനങ്ങൾ അംഗീകരിക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം (2) പ്രകാരം പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്രസ്തുത സർക്കുലറിലെ ഖണ്ഡിക 4-ൽ ചില പൊരുത്തക്കേടുകൾ ഉള്ളതായി പരാമർശം (3) പ്രകാരം നിരവധി നിവേദനങ്ങൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ മുമ്പാകെ സമർപ്പിക്കപ്പെട്ടു. കൂടാതെ ഈ വിഷയത്തിൽ വ്യക്തത വരുത്തി നിർദേശം നൽകണമെന്ന് പരാമർശം (4) പ്രകാരം വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗവും അഭ്യർത്ഥിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (2) സർക്കുലറിന്റെ ഖണ്ഡിക (4)-ൽ "വി.എച്ച്.എസ്.ഇ/എച്ച്.എസ്.ഇ മേഖലയിൽ 18.11.2018 മുതൽ ഉണ്ടായ ഒഴിവുകളിൽ 07.11.2021 വരെ ഇൻറർവ്യൂ നടത്തിയ

കേസുകൾ" എന്നത് തിരുത്തി "വി.എച്ച്.എസ്.ഇ/എച്ച്.എസ്.ഇ മേഖലയിൽ 18.11.2018 മുതൽ 07.11.2021 വരെ ഉണ്ടായ ഒഴിവുകളിൽ നിയമനം നടത്തിയ കേസുകൾ" എന്നാക്കി ഭേദഗതി വരുത്തുന്നു

മേൽ പരാമർശിച്ച ഭേദഗതിയോടെ പരാമർശം (2) സർക്കുലർ നിലനിൽക്കുന്നതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ.

സ്വീകർത്താവ്:-

1) സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
   ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗം.
2) എല്ലാ ഹയർ സെക്കന്ററി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
3) എല്ലാ വൊക്കേഷണൽ ഹയർ സെക്കന്ററി അഡീഷണൽ ഡയറക്ടർമാർക്കും.
4) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
5) എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
6) എല്ലാ മാനേജർമാർക്കും.
7) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, പൂജപ്പുര, തിരുവനന്തപുരം. (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)